# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T4618** — **13.11.2019-ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.ജെ. വിനോദ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുവാൻ സുപ്രീംകോടതിയുടെ നിർദ്ദേശ പ്രകാരം നിയോഗിച്ച പ്രൊഫ.ജഗദീപ് പ്രസാദ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ് ; വിശദമാക്കാമോ; | (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുവാൻ സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം നിയോഗിച്ച പ്രൊഫ.ജഗദീപ് പ്രസാദ് കമ്മറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ താഴെ പറയുന്നു<br><br>1) 200 കിടക്കകളിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രികളിലെ നഴ്സ്മാർക്ക് സർക്കാർ നഴ്സുമാരുടെ വേതനത്തിന് തുല്യമായ തുക കൂലിയായി നൽകണം.<br>2) 100 മുതൽ 200 വരെ കിടക്കകളുള്ള സ്വകാര്യ ആശുപത്രികളിലെ നഴ്സ്മാർക്ക് സർക്കാർ നഴ്സുമാരുടെ വേതനത്തിന്റെ 10% കുറച്ച തുക നൽകണം.<br>3) 200 മുതൽ 300 വരെ കിടക്കകളുള്ള സ്വകാര്യ ആശുപത്രികളിലെ നഴ്സ്മാർക്ക് സർക്കാർ നഴ്സുമാരുടെ വേതനത്തിന്റെ 25% കുറച്ച തുക നൽകണം.<br>4) 50 കിടക്കകളിൽ കുറഞ്ഞ ആശുപത്രികളിലെ നഴ്സ്മാർക്ക് 20000/- രൂപ മിനിമം വേതനം നൽകണം |
| (ബി) നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ നവീകരിക്കുന്നതിന് സംസ്ഥാന സർക്കാർ മാർഗ്ഗരേഖയോ നിയമനിർമ്മാണമോ നടത്തണമെന്ന് പ്രസ്തുത കമ്മിറ്റി ശിപാർശ നൽകിയിരുന്നോ; എങ്കിൽ ഇത് പ്രകാരം സംസ്ഥാനത്ത് സ്വീകരിച്ച നടപടി എന്താണ്; | (ബി) നല്കിയിരുന്നു. 1960-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമം, 1948-ലെ മിനിമം വേതന നിയമം, 1936-ലെ പേയ്മെന്റ് ഓഫ് വേജസ് നിയമം, മെറ്റേണിറ്റി ബെനിഫിറ്റ് നിയമം തുടങ്ങി എല്ലാ തൊഴിൽ നിയമങ്ങളും നഴ്സിംഗ് ജീവനക്കാർക്കും ബാധകമാകയാൽ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ നവീകരിക്കുന്നതിന് മാത്രമായി സംസ്ഥാന ഗവൺമെന്റ് നിയമ നിർമ്മാണമോ മാർഗ്ഗരേഖയോ പുറപ്പെടുവിച്ചിട്ടില്ല. |

(സി) അൻപതിൽ താഴെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് പ്രതിമാസം ഇരുപതിനായിരം രൂപയെങ്കിലും ശമ്പളം നൽകണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി) അൻപതിൽ താഴെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് പ്രതിമാസം ഇരുപതിനായിരം രൂപ ശമ്പളം നൽകണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് അലവൻസുകളടക്കം ഏറ്റവും കുറഞ്ഞകൂലി ഇരുപതിനായിരം രൂപയായി നിജപ്പെടുത്തിക്കൊണ്ട് 2018 ഏപ്രിൽ 23-ലെ സ.ഉ.(അച്ചടി) നമ്പർ. 33/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് .

സെക്ഷൻ ഓഫീസർ.